**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2287** **06-07-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ അനുമതിയിൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും അനാവശ്യ കാലതാമസം വരുത്തുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുവാനും സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ മുഖേന "സങ്കേതം" എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വന്നിരുന്നത്. അപ്രകാരം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ "സങ്കേതം" എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു.<br><br>സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വേഗത്തിലും സമയബന്ധിതവുമായി തീർപ്പുകൽപ്പിക്കുന്നതിനുമായി വികസിപ്പിച്ചെടുത്ത ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെൻറ് സിസ്റ്റം (IBPMS) സോഫ്റ്റ് വെയർ മുഖേനയാണ് ഇപ്പോൾ പെർമിറ്റുകൾ നൽകുന്നത്. ടി IBPMS ആണ് സംസ്ഥാനത്തെ 92 നഗരസഭകളിലും (87 മുനിസിപ്പാലിറ്റി + 5 കോർപ്പറേഷൻ) പെർമിറ്റ് നൽകുവാൻ ഉപയോഗിക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിൽ മാത്രം "സുവേഗ" എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വരുന്നത്. ലോ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് മാത്രമാണ് നഗരസഭകളിൽ IBPMS മുഖേന പെർമിറ്റ് നൽകി വരുന്നത്. ഹൈ റിസ്ക് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ മാന്വലായാണ് പെർമിറ്റ് നൽകുന്നത്. ടി ഹൈ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്കും പെർമിറ്റ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും |

| | | | |
|---|---|---|---|
| | | | കാലതാമസം നേരിടുന്നതായി ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി, പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാകുന്നത് മുഖേന സുതാര്യവും, സമയബന്ധിതവുമായി പൊതുജനങ്ങൾക്ക് ഇത്തരം സേവനങ്ങൾ ലഭ്യമാക്കുവാനും അതുവഴി ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കുവാനും പ്രയോജനപ്പെടുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുവാനും സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ മുഖേന "സങ്കേതം" എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വന്നിരുന്നത്. അപ്രകാരം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ "സങ്കേതം" എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു.<br><br>സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വേഗത്തിലും സമയബന്ധിതവുമായി തീർപ്പുകൽപ്പിക്കുന്നതിനുമായി വികസിപ്പിച്ചെടുത്ത ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെൻറ് സിസ്റ്റം (IBPMS) സോഫ്റ്റ് വെയർ മുഖേനയാണ് ഇപ്പോൾ പെർമിറ്റുകൾ നൽകുന്നത്. ടി IBPMS ആണ് സംസ്ഥാനത്തെ 92 നഗരസഭകളിലും (87 മുനിസിപ്പാലിറ്റി + 5 കോർപ്പറേഷൻ) പെർമിറ്റ് നൽകുവാൻ ഉപയോഗിക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിൽ മാത്രം "സുവേഗ" എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വരുന്നത്. ലോ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് മാത്രമാണ് നഗരസഭകളിൽ IBPMS മുഖേന പെർമിറ്റ് നൽകി വരുന്നത്. ഹൈ റിസ്ക് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ മാനുവലായാണ് പെർമിറ്റ് നൽകുന്നത്. ടി ഹൈ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്കും പെർമിറ്റ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും കാലതാമസം നേരിടുന്നതായി ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി, പൂർത്തീകരിച്ച |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാകുന്നത് മുഖേന സുതാര്യവും, സമയബന്ധിതവുമായി പൊതുജനങ്ങൾക്ക് ഇത്തരം സേവനങ്ങൾ ലഭ്യമാക്കുവാനും അതുവഴി ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കുവാനും പ്രയോജനപ്പെടുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | സർക്കാർ നയത്തിന് വിരുദ്ധമായി കാലതാമസത്തിന് ഇടയാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ നയത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ